**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കണ്ണൂർ നഗരസഭ - മുനിസിപ്പൽ സ്റ്റേഡിയം വക സ്ഥലം ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ ക്രമക്കേട് - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സി.സി. ശശിധരനെതിരെയും, ക്ലാർക്കുമാരായിരുന്ന ശ്രീ.കെ.എം. നാരായണൻ, ശ്രീ.എൻ.പി. ഔസേപ്പ് എന്നിവർക്കെതിരെയും ആരംഭിച്ച അച്ചടക്ക നടപടി കർശന താക്കീത് നൽകി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.3424/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.12.2016

================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.03.2013 തീയതിയിലെ E13 (SC 26/13/KNR) 9661/2013 നനമ്പർ കത്ത്.
2) കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സി.സി. ശശിധരനും ടി നഗരസഭയിലെ യു.ഡി. ക്ലാർക്കുമാരായിരുന്ന ശ്രീ. കെ. എം. നാരായണനും ശ്രീ. എൻ. പി. ഔസേപ്പിനും നൽകിയ 06.06.2014 തീയതിയിലെ 24691/ഇയു1/14/തസ്വഭവ. നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. സി.സി. ശശിധരൻ സമർപ്പിച്ച 06.10.2014 തീയതിയിലെ പ്രതിവാദ പത്രിക.
4) കുറ്റപത്രത്തിന് ഇരിങ്ങാലക്കുട നഗരസഭയിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ.എം. നാരായണൻ സമർപ്പിച്ച 15.12.2014 തീയതിയിലെ പ്രതിവാദ പത്രിക.
5) കുറ്റപത്രത്തിന് മട്ടന്നൂർ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. എൻ.പി. ഔസേപ്പ് സമർപ്പിച്ച 12.12.2014 തീയതിയിലെ പ്രതിവാദ പത്രിക.
6) നഗരകാര്യ ഡയറക്ടറുടെ 27.10.2015 തീയതിയലെ വി2-10437/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയം വക സ്ഥലം ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് കണ്ണൂർ നഗരസഭയിൽ 18.04.2013-ൽ നടത്തിയ മിന്നൽ പരിശോധനയിൽ സ്റ്റേഡിയത്തിലെ മുറികൾ

അനുവദിക്കുന്നതിനുള്ള റീ ടെണ്ടർ സംബന്ധിച്ച് നഗരസഭാ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയെങ്കിലും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 49(1) A പ്രകാരം ആയത് സർക്കാരിലേക്ക് അറിയിക്കാതെ കൗൺസിൽ തീരുമാനം നടപ്പാക്കിയതിന് പരാമർശം ഒന്നിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സി.സി. ശശിധരനെതിരെയും കണ്ണൂർ നഗരസഭയിലെ R8/3473/2000 നമ്പർ ഫയലിൽ യാതൊരു കാരണവും കൂടാതെ 09.12.2004 മുതൽ 09.03.2011 വരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിന് 01.01.2006 മുതൽ 30.06.2008 വരെ R8 സെക്ഷൻ ചുമതല വഹിച്ചിരുന്ന ക്ലാർക്ക് ശ്രീ.കെ.എം. നാരായണനെതിരെയും 01.07.2008 മുതൽ 02.04.2011 വരെ ചുമതല വഹിച്ചിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീ. എൻ.പി. ഔസേപ്പിനെതിരെയും അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി.

2. 2010 ഡിസംബർ മുതൽ 2011 നവംബർ വരെയുള്ള കാലഘട്ടത്തിലാണ്, ശ്രീ.സി.സി. ശശിധരൻ കണ്ണൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും ടിയാൻ നിരപരാധിയാണെന്നും കണ്ണൂർ നഗരസഭയുടെ സ്റ്റേഡിയം പവലിയന്റെ ഏണിപ്പടിക്ക് താഴെ സ്ഥിതി ചെയ്തിരുന്ന രണ്ട് മുറികൾക്കുള്ള സ്ഥലം ടെണ്ടർ ലേലം ചെയ്ത് നൽകുന്നതിന് 15.02.2000 ലെ 41-ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചതനുസരിച്ച് 06.04.2000-ൽ നടന്ന ടെണ്ടറിൽ സ്റ്റെയർകേസ് റൂമിന്റെ ഇടത് ഭാഗത്തെ മുറിക്ക് പ്രതിമാസം 4100 രൂപയും വലതുഭാഗത്തെ മുറിക്ക് പ്രതിമാസം 3400 രൂപയും ലഭിച്ച കൂടിയ തുകയ്ക്കുള്ള ടെണ്ടറുകൾ മുനിസിപ്പൽ കൗൺസിലിന്റെ 16.05.2000 ലെ 76-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായും സ്റ്റെയർകേസ് മുറികളുടെ നവീകരണ പ്രവർത്തികൾ പൂർത്തിയായ മുറയ്ക്ക് പിന്നീട് 2011 ൽ മാത്രമാണ് ബന്ധപ്പെട്ട ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നതെന്നും 2000-ൽ ലേലം കൊണ്ട തുകയ്ക്ക് 11 വർഷം കഴിഞ്ഞ് കെട്ടിടം അനുവദിക്കുന്നത് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നതിനാൽ ഈ 2 മുറികളും പുനർ ടെണ്ടർ നടത്തി ഏൽപ്പിച്ച് നൽകാമെന്ന കുറിപ്പോടെ ടിയാൻ സെക്രട്ടറിയായിരുന്ന കാലയളവിൽ 23.06.2011-ന് അജണ്ട അംഗീകരിച്ച് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും 13.07.2011 ലെ മുനിസിപ്പൽ കൗൺസിലിന്റെ 29-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി ടി മുറികൾക്ക് ഓരോ മൂന്ന് വർഷത്തേയ്ക്കും 10% നിരക്കിൽ ആനുപാതിക വർദ്ധനവ് നടത്തി മുറികൾ ലൈസൻസികൾക്ക് നൽകുന്നതിന് തീരുമാനിക്കുകയാണുണ്ടായതെന്നും പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

3. നഗരസഭയിലെ R8/3473/2000 നമ്പർ ഫയൽ പരിശോധിച്ചതിൽ 15.02.2000 ലെ 41-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടെണ്ടർ ചെയ്ത മുറി ലഭിച്ചവർക്ക് പ്രസ്തുത സ്ഥലം തറവിതാനം താഴ്ത്തി ഷട്ടർ ഘടിപ്പിച്ച് വൈദ്യുത ബന്ധം ഏർപ്പെടുത്തുന്നതിനുള്ള റിപ്പയർ പ്രവർത്തിക്കായി 30.08.2000 ലെ 30-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് റിപ്പയർ പ്രവർത്തിക്കായി കുറിപ്പ് നൽകിയെങ്കിലും പിന്നീട് സ്പോർട്ട്സ് കൗൺസിന്റെ പരാതി പ്രകാരം പ്രവർത്തി താൽക്കാലികമായി നിർത്തിവെച്ചതിനാലാണ് ക്ലാർക്കുമാരായിരുന്ന ശ്രീ. കെ.എം. നാരായണൻ, ശ്രീ. എൻ.പി. ഔസേപ്പ് എന്നിവർ ടി സീറ്റിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ടി ഫയലിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വന്നതെന്നും പരാമർശം നാലും, അഞ്ചും പ്രതിവാദ പത്രികകളിൽ ഉന്നയിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. ഔസേപ്പ് ടി സീറ്റിൽ നിന്നും മാറിയ ശേഷം മുറികൾ റിപ്പയർ ചെയ്ത വിവരം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയിച്ച മുറയ്ക്ക് പിന്നീട് സെക്ഷനിൽ നിന്നും നടപടികൾ സ്വീകരിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സി.സി. ശശിധരൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി എന്ന ആരോപണം ശരിയല്ലെന്നും KMA Section 49(1) A പ്രകാരം ഏതെങ്കിലും വിവരങ്ങൾ സർക്കാരിലേക്ക് അയയ്ക്കണമെന്ന് വ്യവസ്ഥയില്ലാത്ത തിനാൽ ടി ആരോപണം ബാധകമല്ലെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ 2011 ൽ മാത്രമാണ് ടിയാന്റെ പരിഗണനയ്ക്ക് വരുന്നത് എന്നും 2000-ലെ നിരക്ക് പ്രകാരം മുറികൾ അനുവദിക്കുന്നത് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കും എന്ന മുനിസിപ്പൽ സെക്രട്ടറിയുടെ നോട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ മൂന്നു വർഷവും 10% നിരക്കിൽ വർദ്ധനവ് വരുത്തി മുറികൾ നൽകുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചതെന്നും ടി വാടക വർദ്ധനവ് വഴി മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക താൽപര്യങ്ങൾ യഥാർത്ഥത്തിൽ സംരക്ഷിക്കപ്പെട്ടു എന്ന് ടിയാൻ ഉത്തമമായി വിശ്വസിച്ചുവന്നും മുനിസിപ്പൽ കൗൺസിൽ തീരുമാനം നഗരസഭയുടെ താൽപര്യങ്ങൾക്കനുസൃതമായി കണ്ടുവെന്നുമുള്ള ശ്രീ.സി.സി. ശശിധരന്റെ മറുപടി കണക്കിലെടുക്കാവുന്നതും ആയത് പരിഗണിച്ച് ടിയാനെതിരായ തുടർ നടപടികൾ ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം ആറ് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. കെ.എം. നാരായണന്റേയും ശ്രീ.എൻ.പി. ഔസേപ്പിന്റേയും വാദം പരിഗണനാർഹമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയം വക സ്ഥലം ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സി.സി. ശശിധരനെതിരെയും ക്ലാർക്കുമാരായിരുന്ന ശ്രീ.കെ.എം. നാരായണൻ, ശ്രീ.എൻ.പി. ഔസേപ്പ് എന്നിവർക്കെതിരെയും ആരംഭിച്ച അച്ചടക്ക നടപടി, ടിയാളുകളുടെ പ്രതിവാദ പത്രികയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് മേലിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തരുതെന്ന കർശന താക്കീത് നൽകി ഇതിനാൽ തീർപ്പാക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. സി.സി. ശശിധരൻ, സെക്രട്ടറി, കണ്ണൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. കെ.എം. നാരായണൻ, യു.ഡി. ക്ലാർക്ക്, കണ്ണൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. എൻ.പി. ഔസേപ്പ്, യു.ഡി. ക്ലാർക്ക്, കണ്ണൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (13.05.2016 തീയതിയിലെ 4655/ഡി1/2016/വിജി നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**